# THE STATE ELECTRICITY OMBUDSMAN

D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com

**അപ്പീൽ പരാതി നമ്പർ : P/082/2022**

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഡിസംബർ 29, 2022**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീമതി. ലീനാ വർഗ്ഗീസ്,<br>പൈനാടത്ത് വീട്,<br>പുത്തൻചിറ പി.ഒ.,<br>തൃശ്ശൂർ ജില്ല - 680062 |
| എതിർകക്ഷി | : | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ.ഇ.ബി. ലിമിറ്റഡ്, വെങ്ങല്ലൂർ,<br>തൃശ്ശൂർ ജില്ല. |

## ഉത്തരവ്

**പരാതിയുടെ ചുരുക്കം**

അപ്പീൽ പരാതിക്കാരി ശ്രീമതി. ലീനാ വർഗ്ഗീസ്, 06-07-2010-ൽ വൈദ്യുതി കണക്ഷനുവേണ്ടി കൊമ്പിടിഞ്ഞാമാക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആവശ്യമുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയും അത് സ്വീകരിയ്ക്കുകയും ചെയ്തിരുന്നു. പുതിയ കണക്ഷൻ ആവശ്യപ്പെട്ടത് തൻെറ ഭർത്താവിൻെറയും സഹോദരൻേറയും പേരിലുള്ള കടമുറികൾക്കായിരുന്നു. ഈ കട മുറികൾ ഭർത്താവിൻെറ പിതാവിൻെറ പേരിലുള്ളതായിരുന്നതും, പിതാവിൻെറ മരണശേഷം ഭർത്താവിനും സഹോദരനുംകൂടി ലഭ്യമായതുമായിരുന്നു. 7/7/2010-ൽ തന്നെ പുത്തൻചിറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, Assistant Engineer-ക്ക് നൽകിയ കത്ത് പ്രകാരം പഞ്ചായത്ത് ഈ കടമുറികൾക്ക് നൽകിയിരുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കിയതായി അറിയിയ്ക്കുകയും കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തുടർനടപടികൾ നിർത്തിവയ്ക്കണമെന്നും അറിയിച്ചു. ഈ കടമുറികൾ ഓടിട്ടതായിരുന്നുവെന്നും അവയെ പഞ്ചായത്തിലറിയിക്കാതെ പുതുക്കി പണിത് വാർക്കകെട്ടിടങ്ങളാക്കി മാറ്റിയിരിക്കുന്നതിനാലാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നതെന്നും കത്തിൽ പറഞ്ഞിരിയ്ക്കുന്നു. 12 വർഷത്തോളമായിട്ടും കണക്ഷൻ ലഭിക്കാത്തതിനാൽ പരാതിക്കാരി CGRF(CR)-ൽ പരാതി

നൽകുകയും CGRF(CR) 23-09-2022-ലെ ഉത്തരവ് പ്രകാരം പഞ്ചായത്തിൽനിന്നും നിർദ്ദിഷ്ട സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ കണക്ഷൻ നൽകേണ്ടതാണെന്ന തീരുമാനവും എടുത്തിട്ടുണ്ട്.

CGRF-ൻെറ ഉത്തരവിനുള്ള അപ്പീലായിട്ടാണ് പരാതിക്കാരി ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരിയുടെ വാദം

അപ്പീൽ പരാതിക്കാരി 06-07-2010-ൽ വൈദ്യുതി കണക്ഷനുവേണ്ടി കൊമ്പിടിഞ്ഞാമാക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആവശ്യമുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയും, ആയതിലേക്ക് പണം സ്വീകരിച്ച് രസീത് കൊടുത്തു. KSEB-യുടെ എല്ലാ ഓഫീസുകളിലും കയറിയിറങ്ങിയെങ്കിലും നാളിതുവരെ കണക്ഷൻ ലഭിച്ചിട്ടില്ല.

ആയതിനാൽ CGRF(CR)-ൽ പരാതി നൽകി. പഞ്ചായത്തിൽനിന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ കണക്ഷൻ നൽകേണ്ടതാണെന്ന തീരുമാനം ഉണ്ടായി.

KSEB-യ്ക്ക് പുതിയ കണക്ഷൻ നൽകാൻ ഇപ്പോൾ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് മാത്രം നൽകിയാൽ മതി. ആയതിനാൽ വില്ലേജിൽ കരമടച്ചതിൻെറ കോപ്പി സമർപ്പിക്കുകയും, പരാതിക്കാരിയുടെ കയ്യിൽനിന്നും പണം വാങ്ങി കണക്ഷൻ നിഷേധിക്കുന്നത് ശരിയായ നടപടിയല്ലെന്നും ബോധിപ്പിക്കുന്നു.

പുതിയ കണക്ഷൻ ആവശ്യപ്പെട്ടത് തൻെറ ഭർത്താവിൻെറയും സഹോദരൻേറയും പേരിലുള്ള കടമുറികൾക്കായിരുന്നു. ഈ കടമുറികൾ ഭർത്താവിൻെറ പിതാവിൻെറ പേരിലുള്ളതായിരുന്നതും, പിതാവിൻെറ മരണശേഷം ഭർത്താവിനും സഹോദരനുംകൂടി ലഭ്യമായതുമായിരുന്നു. വില്ലേജ് പഞ്ചായത്ത് നികുതികൾ മുതലായവ അവരുടെ പേരിൽ അടയ്ക്കുകയും ചെയ്തു. മേൽ, പരാതിക്കാരിക്കു പറയുവാനുള്ളത്: -

1) KSEB പരാതിക്കാരിയുടെ കയ്യിൽനിന്നും കണക്ഷനുവേണ്ടി വാങ്ങിയ പണത്തിന് 12 വർഷം കഴിഞ്ഞിട്ടും തീരുമാനമാനമാകത്തതും കണക്ഷൻ നൽകാത്തതും;

2) 3 മാസം മുൻപ് ഒരു കൺസ്ട്രക്ഷൻ കണക്ഷന് അപേക്ഷിക്കുകയും അതു ലഭിക്കുകയും ചെയ്തു. ഇപ്പോൾ AXE പറയുന്നു പഞ്ചായത്തിനെക്കൊണ്ട് അനുമതി പത്രം വാങ്ങിയതിനുശേഷമേ പണി തുടങ്ങാവൂയെന്നും, അതിൻെറ അനുമതിക്കായി പരാതിക്കാരി കാത്തിരിക്കുന്നു.

പരാതിക്കാരി ആരേയും കബളിപ്പിച്ചിട്ടില്ലായെന്നും മേൽ വിവരിക്കുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ട് പരാതിക്കാരിക്ക് കണക്ഷൻ നൽകുവാനും അടച്ച പണത്തിൻെറ കാര്യത്തിൽ തീരുമാനം ഉണ്ടാക്കുവാനും ഓംബുഡ്സ്മാൻ ഇടപെടണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**<u>എതിർകക്ഷിയുടെ വാദം</u>**

പരാതിക്കാരി ശ്രീമതി. ലീനാ വർഗ്ഗീസ്, 06-07-2010-ൽ പുത്തൻചിറയിലുള്ള കട മുറികൾക്കായി വൈദ്യുതി കണക്ഷനുവേണ്ടി ആവശ്യമുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. നേരിട്ടുള്ള സ്ഥല പരിശോധനാനന്തരം അപേക്ഷ സ്വീകരിയ്ക്കുകയും കണക്ഷൻ നൽകുവാനാവശ്യമായ പണം അടയ്ക്കുവാൻ അനുവദിക്കുകയും, അപ്രകാരം 06-07-2010-ൽ പണം അടയ്ക്കുകയും ചെയ്തു.

7/7/2010-ൽ തന്നെ പുത്തൻചിറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, Assistant Engineer-ക്ക് നൽകിയ കത്ത് പ്രകാരം പഞ്ചായത്ത് ഈ കട മുറികൾക്ക് നൽകിയിരുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കിയതായി അറിയിയ്ക്കുകയും കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തുടർനടപടികൾ നിർത്തിവയ്ക്കണമെന്നും അറിയിച്ചു.

ശ്രീ വർഗീസിൻെറ ഉടമസ്ഥതയിലുള്ള കടമുറികൾക്ക് സർവ്വീസ് കണക്ഷൻ നൽകരുതെന്ന ഗ്രാമാധികാരികളുടെ നിർദ്ദേശപ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തുടർനടപടികൾ നിർത്തിവയ്ക്കുകയും ആ വിവരം പരാതിക്കാരിയെ അറിയിക്കുകയും ചെയ്തു.

പരാതിക്കാരിക്ക് അനധികൃതമായ നിർമ്മാണപ്രവർത്തനത്തെപ്പറ്റി നല്ല ധാരണ ഉണ്ടായിരുന്നതിനാൽ, കണക്ഷൻ നൽകാത്തതിനെക്കുറിച്ച് പ്രതിഷേധിക്കുകയോ പ്രശ്നമുണ്ടാക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ നീണ്ട 12 വർഷങ്ങൾക്കുശേഷം കണക്ഷൻ ലഭിക്കുവാൻ വേണ്ടി പരാതിക്കാരി CGRF(CR)-ൽ പരാതി നൽകി.

CGRF(CR)-ൽ കണക്ഷൻ നൽകാതിരുന്നതിനെക്കുറിച്ച് എതൃകക്ഷി വിശദീകരണം നൽകി. പുത്തൻചിറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തുടർനടപടികൾ നിർത്തിവയ്ക്കണമെന്നു പറഞ്ഞ് നൽകിയ കത്ത് പ്രകാരമാണ് സർവ്വീസ് കണക്ഷൻ നൽകാതിരുന്നതെന്ന് അറിയിച്ചു. പുത്തൻചിറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും നിർദ്ദിഷ്ട സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ കണക്ഷൻ നൽകിക്കൊള്ളാമെന്നും അറിയിച്ചു.

CGRF(CR) പരാതികേട്ട ശേഷം, CGRF(CR)ൻെറ 23-09-2022-ലെ ഉത്തരവ് പ്രകാരം പഞ്ചായത്തിൽനിന്നും NOC ലഭ്യമാക്കിയാൽ കണക്ഷൻ നൽകേണ്ടതാണെന്ന തീരുമാനം എതൃകക്ഷിക്കു നൽകിയിട്ടുണ്ട്.

പരാതിക്കാരി തുടർനടപടികൾ എടുക്കാതിരുന്നതിനാൽ, എതൃകക്ഷി ഈ വിവരങ്ങൾ പുത്തൻചിറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും തടസ്സങ്ങളൊന്നും നിലവിലില്ലെങ്കിൽ, സർവ്വീസ് കണക്ഷൻ നൽകുവാനായി NOC അനുവദിക്കുവാൻ അഭ്യർത്ഥിച്ചു.

പഞ്ചായത്ത് സെക്രട്ടറി 02-11-2022-ലെ കത്തു പ്രകാരം, ശ്രീ. വർഗീസ്, ജോസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ആ കടമുറികൾക്ക് പഞ്ചായത്ത് രാജ് ആക്ട് ആൻറ് റൂൾസിലെ 220(b) ലംഘനം നിൽക്കുന്നതുകൊണ്ടും, കൂടാതെ LSGD ട്രൈബ്യൂണലിൽ കെട്ടിടങ്ങളെ സംബന്ധിച്ച കേസും നിലനിൽക്കുന്നതുകൊണ്ടും NOC നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിരുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 138(1)(h) പ്രകാരം സർവ്വീസ് കണക്ഷനുവേണ്ടിയുള്ള ഗൃഹപരിസരം നിയമാനുസരണമല്ലെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾ ലൈസൻസിക്ക് നൽകുന്നുവെങ്കിൽ, സർവ്വീസ് കണക്ഷൻ നൽകാതിരിക്കുവാനോ, നിലവിലുള്ള കണക്ഷൻ വിച്ഛേദിക്കുവാനോ കഴിയുന്നതാണ്. പുത്തൻചിറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 02-11-2022-ലെ കത്തു പ്രകാരം പരാതിക്കാരിക്ക് നിലവിൽ കണക്ഷൻ നൽകുവാൻ കഴിയുന്നതല്ല.

ആയതിനാൽ, ഗ്രാമ പഞ്ചായത്തിൻേറയും LSGDയുടേയും എതിർപ്പിനെ മറികടന്ന് സർവ്വീസ് കണക്ഷൻ നൽകുവാൻ എതിർകക്ഷിക്ക് അധികാരമില്ലെന്ന് അറിയിച്ചിരിക്കുന്നു.

**<u>അവലോകനം</u>**

ഈ കേസിൻെറ വാദം 15-12-2022-ൽ ഓംബുഡ്സ്മാൻെറ എറണാകുളത്തുള്ള ഓഫീസിൽ വച്ച് കേൾക്കുകയുണ്ടായി. പരാതിക്കാരിക്കുവേണ്ടി ശ്രീ. വർഗീസ് പി.എ.യും എതിർകക്ഷിക്കു വേണ്ടി ശ്രീ. പി. ജയചന്ദ്രൻ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറും പങ്കെടുത്തു.

പരാതിക്കാരിയുടെ ഭർത്താവിനും സഹോദരനും സ്വന്തം പിതാവിൻെറ മരണശേഷം ലഭിച്ചതാണ് ഈ കട മുറികൾ. അതായത് കടമുറികളുടെ അവകാശികൾ ശ്രീമാൻമാർ വർഗീസും ജോസുമാണ്. ഓടിട്ട കട മുറികളായിരുന്നത് പഞ്ചായത്തിലറിയിക്കാതെ വാർക്കമുറികളാക്കി മാറ്റിയതിനാലാണ് പഞ്ചായത്ത് നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തതും, കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ നിർത്തിവയ്പിച്ചതും. എന്നാൽ, നാളിതുവരെ ആ കെട്ടിടത്തിന് പഞ്ചായത്തിൻെറ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. CGRFൻെറ ഉത്തരവും പ്രകാരം കണക്ഷൻ നൽകുന്നതിനുവേണ്ടി എതിർകക്ഷിയായ വെള്ളാങ്ങല്ലൂർ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് 6-10-2022-ൽ കത്തു മുഖേന നിലവിൽ തടസ്സങ്ങളൊന്നും ഇല്ലെങ്കിൽ, സർവ്വീസ് കണക്ഷൻ നൽകുവാനായി NOC നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. അതിനു മറുപടിയായി പഞ്ചായത്ത് സെക്രട്ടറി 02-11-2022-ലെ കത്തു പ്രകാരം, ശ്രീ. വർഗീസ്, ജോസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ആ കടമുറികൾക്ക് പഞ്ചായത്ത് രാജ് ആക്ട് ആൻറ് റൂൾസിലെ 220(b) ലംഘനം നിൽക്കുന്നതുകൊണ്ടും, കൂടാതെ LSGD ട്രൈബ്യൂണലിൽ കെട്ടിടങ്ങളെ സംബന്ധിച്ച കേസും നിലനിൽക്കുന്നതുകൊണ്ടും NOC നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിരുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വകുപ്പ് 75(1) പ്രകാരം LT വൈദ്യുത കണക്ഷന് പ്രസ്തുത കോഡിലെ അനുബന്ധം 4 പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആ അനുബന്ധം 4 പ്രകാരം താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടിയിരിക്കുന്നു.

(1) Photo (2) Identity Proof (3) Proof of Ownership or occupancy of premises for which electricity connection is required (ownership certificate from Municipality, Panchayath) (4) Proof of current address.

ഇതുപ്രകാരം വൈദ്യുത കണക്ഷൻ ആവശ്യപ്പെടുന്ന കെട്ടിടത്തിൻെറ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് അപേക്ഷക ബാദ്ധ്യസ്ഥയാണ്. ഇതിനുവേണ്ടി പഞ്ചായത്തിൽനിന്നുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത്. ഇതു നൽകിയത് പഞ്ചായത്തുതന്നെ റദ്ദുചെയ്തിട്ടുള്ള താണ്. പിന്നീട് നവമ്പർ 2022ൽ നൽകിയ കത്തുപ്രകാരവും NOC നൽകുവാൻ കഴിയില്ല എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. പരാതിക്കാരിക്ക് കണക്ഷൻ നൽകുന്നതിനു വേണ്ടി എതിർകക്ഷി കാണിച്ച താൽപര്യം പ്രശംസനീയമാണ്. എന്നിരുന്നാലും ഇതുവരേയും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുമില്ല.

## തീരുമാനം

1) ഇക്കാരണങ്ങളാൽ CGRF(CR) ൻെറ തീരുമാനത്തിനെ ശരിവയ്ക്കുന്നു.

പരാതി മേൽപ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/082/2022/ തീയതി .

അയക്കുന്നത്:

1) ശ്രീമതി. ലീനാ വർഗ്ഗീസ്, പൈനാടത്ത് വീട്, പുത്തൻചിറ പി.ഒ., തൃശ്ശൂർ ജില്ല - 680062
2) അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ.ഇ.ബി. ലിമിറ്റഡ്, വെങ്ങല്ലൂർ, തൃശ്ശൂർ ജില്ല.

പകർപ്പ് സമാർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം – 10.
2. സെക്രട്ടറി, കെ.എസ.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 4.
3. ചെയർ-പേർസൺ, CGRF-CR, 220 kV സബ്സ്റ്റേഷൻ കോമ്പൗണ്ട്, കെ.എസ്.ഇ.ബി. ലിമിറ്റഡ്, HMT കോളനി P.O., കളമശ്ശേരി, PIN: 683 503.